# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2354 — 12.02.2020-ൽ മറുപടിയ്ക്ക്

### ലോട്ടറി നികുതി ഏകീകരണം

| | ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ലോട്ടറി നികുതി ഏകീകരിച്ചതുവഴി ലോട്ടറി മേഖലയിലും സംസ്ഥാനത്തെ സാമ്പത്തികരംഗത്തും എന്തെല്ലാം പ്രതിസന്ധികൾ ഉണ്ടാകുമെന്നാണ് കരുതുന്നത്; ഇത് മറികടക്കാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (എ) | 18.12.2019 ൽ ചേർന്ന GST കൗൺസിൽ യോഗത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 01.03.2020 മുതൽ 12% ത്തിൽ നിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായിട്ടുണ്ട്. വിൽപ്പനവില 30/-രൂപയുണ്ടായിരുന്ന ഒരു ഭാഗ്യക്കുറി ടിക്കറ്റിന് 28% GST യാകുമ്പോൾ 3.34 രൂപ മുഖവിലയിൽ കുറവ് വരുന്നതിനാൽ ഒരു വർഷം ഏകദേശം 1302 കോടിയോളം രൂപയുടെ വരുമാനക്കുറവ് ഉണ്ടാകാനിടയുണ്ട്. പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40/- രൂപയായി ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. നികുതി ഏകീകരണത്തെ സംസ്ഥാനം ശക്തിയായി എതിർക്കുകയും കൗൺസിലിൽ വോട്ടെടുപ്പ് ആവശ്യപ്പെടുകയും ചെയ്തു. കേരളത്തിന്റെ നിലപാടിനെ പിന്തുണയ്ക്കും എന്ന് നാം പ്രതീക്ഷിച്ച നമ്മോട് വാഗ്ദാനം ചെയ്ത നിലപാടിൽ നിന്ന് ചില സംസ്ഥാനങ്ങൾ പൊടുന്നനെ മാറിയതാണ് കൗൺസിൽ വോട്ടെടുപ്പിൽ തിരിച്ചടി നേരിടാൻ കാരണം. |

ലോട്ടറി നികുതിയുടെ ഏകീകരണം ഇടനിലക്കാർ മുഖാന്തിരം നടത്തുന്ന അന്യ സംസ്ഥാന ലോട്ടറികളെ സഹായിക്കുന്നതിന് കാരണമാകും. ബഹുമാനപ്പെട്ട സുപ്രീം കോടതി ബി.ആർ എന്റർപ്രൈസസ് Vs.State of Uttar Pradesh എന്ന കേസിൽ (07.05.1999) Lotteries (Regulations) Act ലെ സെക്ഷൻ 5 പ്രകാരം കേരളത്തിൽ അന്യ സംസ്ഥാന ലോട്ടറികളുടെ വിപണനം നിരോധിക്കുവാൻ കഴിയുമെങ്കിലും സംസ്ഥാനം നേരിട്ട് ലോട്ടറി വ്യാപാരം നടത്തുന്നില്ലെങ്കിൽ മാത്രമേ ആ നിയമം വിനിയോഗിക്കാൻ പാടുള്ളൂ എന്ന് വിധി പ്രസ്താവിച്ചിട്ടുണ്ട്. ജി.എസ്.റ്റി നിയമം നടപ്പിലാക്കിയ ശേഷം കേരള ലോട്ടറി (റെഗുലേഷൻ) ചട്ടം പ്രകാരം ഒരു സംസ്ഥാനം കേരളത്തിൽ ലോട്ടറി വ്യാപാരം നടത്തുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നികുതി വകുപ്പ് സെക്രട്ടറിയുടെ മുൻകൂർ അനുവാദം തേടണം എന്ന് ഭേദഗതി വരുത്തി. ഇത് കൂടാതെ കേരള സംസ്ഥാന ജി.എസ്.റ്റി നിയമത്തിൽ പ്രത്യേകമായി 58(19), 58(20)A എന്നീ നിയമങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന ചരക്ക് സേവന നികുതി ചട്ടം 56 (19) പ്രകാരം സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകളുടെ ഏജന്റുമാരോ വിതരണക്കാരോ വിൽക്കാൻ ഉദ്ദേശിക്കുന്ന ലോട്ടറി സംബന്ധിക്കുന്ന താഴെപ്പറയുന്ന രേഖകൾ/ നിബന്ധനകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

1) വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്ന ലോട്ടറിയുടെ പേര്, അവയുടെ നറുക്കെടുപ്പ് സംബന്ധിക്കുന്ന വിവരം എന്നിവ ലോട്ടറി (റെഗുലേഷൻ) നിയമം 2010 ലെ നിയമം 3(3) & (4) പ്രകാരം അറിയിക്കേണ്ടതാണ്.

2) ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ

| | | | |
|---|---|---|---|
| | | | വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്നത്, അവർ വിതരണക്കാരുടെയും വില്പനക്കാരുടെയും നിയമനം സംബന്ധിക്കുന്ന കരാറുകൾ കേരളത്തെ അറിയിക്കേണ്ടതാണ്.<br>3) ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണം നടത്തുന്നത് അവിടെ നിന്നും വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്ന മുഴുവൻ ടിക്കറ്റുകളുടെയും വിവരം ബോധ്യപ്പെടുത്തേ ണ്ടതാണ് .<br>4) വില്പനക്കായി നൽകിയ ടിക്കറ്റുകളുടെ വിവരം, നറുക്കെടുപ്പ് കഴിഞ്ഞ് വില്പന നടത്താതെ പോയ ടിക്കറ്റുകളുടെ വിവരം, സമ്മാന തുകയും സമ്മാനം ലഭിച്ച ആളുകളുടെ പേരും വിലാസവും, വില്പന നടത്താത്ത ടിക്കറ്റുകൾ ലോട്ടറി നടത്തുന്ന സംസ്ഥാനത്തിലേക്ക് തിരികെ അയച്ചത് സംബന്ധിക്കുന്ന വിവരങ്ങൾ, ലോട്ടറി വില്പനയിൽ നിന്നും ലഭിച്ച തുക, ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന് നൽകിയത് സംബന്ധിച്ച വിവരം എന്നിവ ബോധ്യപ്പെടു ത്തേണ്ടതാണ്. |
| (ബി) | നികുതി ഏകീകരണം നടപ്പിലാക്കി യാൽ അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാമെന്ന് കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള ഉറപ്പുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഈ ഉറപ്പ് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | അന്യ സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കു ന്നതിന് കൂടുതൽ അധികാരം സംസ്ഥാന സർക്കാരിന് നൽകും എന്ന് വാക്കാൽ പറഞ്ഞിരുന്നുവെങ്കിലും കൗൺസിൽ നടപടി ക്രമങ്ങളുടെ മിനിറ്റ്സിൽ ആയത് രേഖപ്പെടുത്തികാണുന്നില്ല. മിനിറ്റ്സ് ലഭ്യമായിട്ടേയുള്ളൂ. ഇത് സംബന്ധമായ തുടർ നടപടികൾക്ക് കമ്മീഷണർമാർക്ക് നിർദ്ദേശം നൽകി. അതേ സമയം നേരത്തെ കേരള ലോട്ടറി റഗുലേഷൻ റൂൾസിൽ ഉണ്ടായിട്ടുള്ളത് അകാരണമായി പിൻവലിച്ച് നിയമ തർക്കങ്ങളിൽപ്പെട്ടു പോയതുമായ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകൾ ഈ സർക്കാർ പുനഃസ്ഥാപിച്ച് സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിലുള്ള നിയന്ത്രണാധികാരങ്ങൾ ബലപ്പെടുത്തിയിട്ടുണ്ട്. അതേ SGST റൂൾസിലും കർശനമായ വ്യവസ്ഥകൾ കൊണ്ടു വന്നിട്ടുണ്ട്. ആയത് ചോദ്യം ചെയ്തുകൊണ്ടുള്ള കേസുകൾ സീനിയർ അഭിഭാഷകരെ നിയോഗിച്ച് കാര്യക്ഷമമായി നടത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ